**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 1943**
**08.03.2018 ലെ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം :**
**ശ്രീ.പി.ടി.എ.റഹീം**
**എം.എൽ.എ**

**ഉത്തരം :**
**ഡോ.തോമസ് ഐസക്ക്**
**(ബഹു. ധനകാര്യ വകുപ്പ് മന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ മരണപ്പെട്ടാൽ നിലവിൽ എന്ത് ആനുകൂല്യങ്ങളാണ് കുടുംബത്തിന് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | എൻ.എസ്.ഡി.എല്ലിന്റെ നിർദ്ദേശ പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരൻ മരണപ്പെടുന്ന സമയത്ത് ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ ആകെ സമാഹരിക്കപ്പെട്ടിരിക്കുന്ന തുക 2 ലക്ഷം രൂപയിൽ കുറവാണെങ്കിൽ അത് പൂർണ്ണമായും കുടുംബത്തിന് ലഭ്യമാക്കുന്നതാണ്. സമാഹരിക്കപ്പെട്ടിരിക്കുന്ന തുക 2 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ആയതിൽ 20% തുക ഒറ്റത്തവണയായി കുടുംബത്തിന് ലഭിക്കുന്നതാണ്. 80% തുക അന്വിറ്റി വിഹിതം ലഭിക്കുന്നതിനായി നിലനിർത്തേണ്ടതാണ്. ഈ തുകയിൽ നിന്നും പിന്നീട് പ്രതിമാസ അന്വിറ്റി ലഭിക്കുന്നതാണ്. |
| ബി | എൻ.പി.എസിലേയ്ക്ക് അടച്ച സർക്കാർ വിഹിതം ഉൾപ്പെടെയുള്ള മുഴുവൻ തുകയും മരണപ്പെട്ട ജീവനക്കാരുടെ കുടുംബത്തിന് ലഭ്യമാക്കുന്നുണ്ടോ? | |
| സി | മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിന് ഡി.സി.ആർ.ജി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | സർക്കാർ ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ